**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 954** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>തൃക്കാക്കര അത്താണി പാലം പുനർനിർമാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി ഉമ തോമസ് ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഒന്നര കോടി രൂപ അനുവദിച്ച തൃക്കാക്കര നിയോജക മണ്ഡലത്തിലെ അത്താണി പാലം പുനർ നിർമ്മാണ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

**<u>മറുപടി:</u>** തൃക്കാക്കര നിയോജക മണ്ഡലത്തിലെ അത്താണി പാലം പുനർനിർമാണത്തിനായി 01-12-2023 - ലെ G.O.(Rt)No.1578/2023/PWD പ്രകാരം 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്കായി കരാറുകാരന് സൈറ്റ് കൈമാറിയിട്ടുണ്ട്. തുടർന്ന് ലാൻഡ് അക്വിസിഷൻ അധികൃതരുമായി സംയുക്ത സ്ഥലപരിശോധന നടത്തുകയും 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

**(ബി)** പ്രസ്തുത നിർമ്മാണ പ്രവൃത്തികൾക്ക് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

**<u>മറുപടി:</u>** പ്രസ്തുത നിർമ്മാണ പ്രവൃത്തിക്ക് നിലവിൽ തടസ്സങ്ങളൊന്നും ഇല്ല. സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തീകരിച്ചതിനുശേഷം സാങ്കേതികാനുമതി നൽകി, ടെൻഡർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവൃത്തി ആരംഭിക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**